പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5394 — 23.05.2017 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷാ അതോറിറ്റിക്ക് സംസ്ഥാന സർക്കാർ നൽകിയ 173 കോടി രൂപ ധൂർത്തടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകുന്ന ധന സഹായം ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 2007 വകുപ്പ് 13 അനുസരിച്ച് റോഡ് സുരക്ഷാ ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായാണുപയോഗിക്കേണ്ടത്.<br>എ) റോഡ് സുരക്ഷാ പരിപാടികൾക്ക്<br>ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക്<br>സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്<br>ഡി) റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്<br>ഇ) ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും<br>(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്<br>(ജി) അതോറിറ്റിക്ക്, യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്<br>(എച്ച്) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും |
| (സി) പ്രസ്തുത അതോറിറ്റിക്ക് കേന്ദ്രത്തിൽ നിന്നും ധന സഹായം ലഭിക്കുന്നുണ്ടോ; ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ സാമ്പത്തിക വർഷവും പ്രസ്തുത അതോറിറ്റിക്ക് ലഭിച്ച ധന സഹായവും ആയത് ചെലവഴിച്ചതെങ്ങനെയെന്നുമുള്ള വിവരങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് ലഭ്യ | (സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഇതു വരെ ധന സഹായം ലഭിച്ചിട്ടില്ല. ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ സാമ്പത്തിക വർഷവും റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മുൻ വർഷത്തെ നീക്കിയിരുപ്പിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | മാക്കുമോ ; | | <u>2016-17</u><br>ജീവനക്കാരുടെ വേതനം - 35,30,257/- രൂപ<br>ഇലക്ട്രിസിറ്റി ടെലിഫോൺ ചാർജ്ജ് - 15,5079/- രൂപ<br>ഓഫീസ് ചെലവ് - 88,282/- രൂപ<br>ഇൻകം ടാക്സ് - 231636/- രൂപ<br>വാടക – 482366/- രൂപ<br><u>റോഡ് സുരക്ഷാ സംബന്ധമായ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും നൽകിയ തുക</u><br>പോലീസ് - 14365515/- രൂപ<br>മോട്ടോർ വാഹന വകുപ്പ് - 10446400/- രൂപ<br>പൊതുമരാമത്ത് വകുപ്പ് - 3473479/- രൂപ<br>ആരോഗ്യ വകുപ്പ് - 1203167/- രൂപ<br>ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ - 18046859/- രൂപ<br>നാറ്റ്പാക് - 100,00,000/- രൂപ<br>മാധ്യമങ്ങൾ - 45,49,067/- രൂപ<br>മറ്റുള്ളവർ - 94,5972/- രൂപ<br><u>2017-18</u><br>ജീവനക്കാരുടെ വേതനം - 302908/- രൂപ<br>ഇലക്ട്രിസിറ്റി ടെലിഫോൺ ചാർജ്ജ് - 22,765/- രൂപ<br>ഓഫീസ് ചെലവ് -5267/- രൂപ<br>ഇൻകം ടാക്സ് - 7500/- രൂപ<br>പോലീസ് വകുപ്പിന് നൽകിയ തുക – 13,92,087/- രൂപ |
| (ഡി) | ധനവിനിയോഗം സംബന്ധിച്ച് റോഡ് സുരക്ഷാ അതോറിറ്റിയുടെ അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | റോഡ് സുരക്ഷാ സംബന്ധമായ അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും ശുപാർശകൾക്ക് ഗതാഗത വകുപ്പ് മന്ത്രി ചെയർമാനും പൊതുമരാമത്ത് വകുപ്പ് മന്ത്രി, വൈസ് ചെയർമാനും, ചീഫ് സെക്രട്ടറി, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി , പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റോഡ് സുരക്ഷാ കമ്മീഷണർ, പോലീസ് ഡയറക്ടർ ജനറൽ തുടങ്ങിയവർ ഉൾപ്പെട്ടുകയും ചെയ്യുന്ന അതോറിറ്റിയുടെ അംഗീകാരത്തിന് വിധേയമായാണ് ഫണ്ട് അനുവദിക്കുന്നത്. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന തുകകൾ നൽകുന്നതിന് ഫയൽ ചീഫ് സെക്രട്ടറിക്ക് മുൻപാകെ സമർപ്പിക്കാറുണ്ട്. ഇതിനു പുറമെ അതോറിറ്റിയുടെ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമാണ്. 2015-16 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിനു വിധേയമാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ